**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3922 — 24.6.2014 ൽ മറുപടിക്ക്

**എല്ലാ സർക്കാർ സേവനങ്ങളും ഒരുകുടക്കീഴിൽ കൊണ്ടു വരുന്നതിന് ഐ.ടി വകുപ്പ് മുഖേന പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പാലോട് രവി**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. വി.ഡി. സതീശൻ** | **ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഐ.ടി വകുപ്പ് മുഖേന എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) സർക്കാർ വകുപ്പുകളിലെ ഓൺലൈൻ സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമം നടന്നു വരികയാണ്. സർക്കാരിന്റെ എല്ലാ വകുപ്പുകളിലെയും സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുവാൻ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG) പദ്ധതിയുടെ ഭാഗമായി www.eservices.kerala.gov.in എന്ന പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ വഴി നൽകുന്ന വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾക്ക് പുറമെ ഇ-ഡിസ്ട്രിക്റ്റ്, സർവീസ് പ്ലസ് എന്നീ പദ്ധതികളിലെ ഓൺലൈൻ സേവനങ്ങൾ കൂടി ഈ പോർട്ടലിനു കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. |
| (ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) www.eservices.kerala.gov.in എന്ന പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, റൂറൽ ഡെവലപ്മെന്റ് എന്നീ മൂന്നു വകുപ്പുകളിലെ ആറ് സേവനങ്ങൾ ആണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. |
| (സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ; | (സി) ടാറ്റാ കൺസൽട്ടൻസി സർവീസസ് ആണ് പ്രസ്തുത പോർട്ടൽ വികസിപ്പിച്ചിട്ടുള്ളത്. വിവിധ ഏജൻസികളായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ. സി-ഡിറ്റ്, എസ്.റ്റി.ക്യു.സി എന്നിവ ഐ.റ്റി മിഷനുമായി സഹകരിച്ചാണ് ഈ പ്രൊജെക്റ്റ് നടപ്പിലാക്കിവരുന്നത്. |

| | |
|---|---|
| (ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പോർട്ടലിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) നിലവിൽ ഒരു പൗരന് ഏതെങ്കിലും വകുപ്പിലെ സേവനങ്ങൾ ലഭ്യമാകണമെങ്കിൽ പ്രസ്തുത ഓഫീസോ/സ്ഥാപനമോ (വിദ്യാഭ്യാസ സ്ഥാപനം ഉൾപ്പെടെ) നേരിട്ട് സന്ദർശിച്ച് വേണം അപേക്ഷ സമർപ്പിക്കുകയും പണമടക്കുകയും ചെയ്യുന്നത്. തുടർ അന്വേഷണങ്ങൾക്കായി പ്രസ്തുത ഓഫീസുകൾ വീണ്ടും സന്ദർശിക്കുകയോ, ഫോൺ മുഖേനയോ ആണ് വിവരം പൗരൻ മനസ്സിലാക്കുന്നത്. എന്നാൽ www.eservices.kerala.gov.in എന്ന സർവീസ് പോർട്ടൽ മുഖേന പൗരന് എവിടെ നിന്ന് വേണമെങ്കിലും ഇന്റർനെറ്റ് മാധ്യമത്തിൽ കൂടി അപേക്ഷ സമർപ്പിക്കുവാനും, പണമിടപാട് നടത്തുവാനും അതിന്റെ തൽസ്ഥിതി അറിയുവാനും സാധിക്കും. അന്തിമമായി ലഭിക്കേണ്ട സേവനമോ സർട്ടിഫിക്കറ്റോ ഈ സംവിധാനത്തിൽ കൂടി എളുപ്പം ലഭ്യമാകുമെന്നതാണ് ജനങ്ങൾക്കുള്ള നേട്ടം. |

**സെക്ഷൻ ഓഫീസർ**